# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 83 | 28.06.2016-ൽ മറുപടിയ്ക്ക്

## അന്യസംസ്ഥാന തൊഴിലാളികൾ പ്രതികളായുള്ള കുറ്റകൃത്യങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ | | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) തൊഴിലിനായി അന്യസംസ്ഥാനങ്ങളിൽനിന്നും ബംഗ്ലാദേശിൽ നിന്നും ഇവിടെയെത്തി താമസിച്ചുവരുന്ന തൊഴിലാളികളെ സംബന്ധിച്ച യാതൊരു ആധികാരിക/ഔദ്യോഗിക കണക്കുകളും ലഭ്യമല്ലാത്ത സാഹചര്യം നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) അന്യസംസ്ഥാന തൊഴിലാളികൾ പ്രതികളായുള്ള കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അവരെക്കുറിച്ച് ആധികാരിക കണക്കെടുപ്പ് നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (എ)<br>&<br>(ബി) | അന്യദേശ തൊഴിലാളികളുടെ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡിന്റെ കോപ്പിയും, ബയോഡാറ്റയും ഉൾപ്പെടെയുള്ള വിവരങ്ങൾ ശേഖരിച്ച് പ്രസ്തുത തൊഴിലാളികളെ ജോലിക്കായി കൊണ്ടുവരുന്ന ഏജന്റുമാരും, തൊഴിലുടമകളും സ്വമേധയാ അതാത് പോലീസ് സ്റ്റേഷനുകളിൽ അറിയിക്കേണ്ടതും, ടി വിവരം പോലീസ് സ്റ്റേഷനുകളിൽ ഇതര സംസ്ഥാന/ദേശ തൊഴിലാളികളെ സംബന്ധിച്ചുള്ള ഒരു ഡാറ്റാ ബെയ്സിൽ ഉൾപ്പെടുത്തി സൂക്ഷിച്ചും വരുന്നുണ്ട്. |
| (സി) തൊഴിൽ, തദ്ദേശസ്വയംഭരണം, പോലീസ് എന്നീ വകുപ്പുകളെ സംയുക്തമായി ഉപയോഗപ്പെടുത്തി സമയബന്ധിതമായി ഈ വിഷയം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (സി) | വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ ഒരു സമഗ്ര സംവിധാനം ഇക്കാര്യത്തിൽ ഏർപ്പെടുത്തുന്ന കാര്യം ഗൗരവമായി ആലോചിച്ചു വരുന്നു. |
| (ഡി) നാളിതുവരെ ഈ വിഷയത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | (ഡി) | തൊഴിലുടമകളിൽ നിന്നും, ഏജന്റുമാരിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് ഡാറ്റാബേസ് പരിഷ്കരിച്ച് വരുന്നു. കൂടാതെ ഇത്തരക്കാർ താമസിക്കുന്ന സ്ഥലങ്ങളിൽ പോലീസിന്റെ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിക്കുന്നതരത്തിൽ പട്രോളിംഗ്, ബീറ്റ് ഡ്യൂട്ടി എന്നിവ നടപ്പിലാക്കി വരുന്നു. ഇതര സംസ്ഥാന തൊഴിലാളികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനായി ജില്ലകളിൽ സ്പെഷ്യൽ ബ്രാഞ്ച് ഉദ്യോഗസ്ഥരുടെ സേവനവും പ്രയോജനപ്പെടുത്തി വരുന്നു. |

സെക്ഷൻ ഓഫീസർ